മാർക്കറ്റ്

317.74 ↓	സെൻസെക്സ്	31213.59
109.45 ↓	നിഫ്ടി	9710.80

സ്വർണം

പവൻ (8ഗ്രാം)	21,760
ഒരു ഗ്രാം	2720

നവീകരിച്ച 'റെയ്ഡ്കോ' കറി പൗഡർ ഫാക്ടറിയുടെ ഉദ്ഘാടനത്തിനു മുന്നോടിയായി ഇന്നലെ നടന്ന വിളംബര ഘോഷയാത്ര

നവീകരിച്ച

'റെയ്ഡ്കോ' കറിപൗഡർ ഫാക്ടറി ഉദ്ഘാടനം ഇന്ന്

പെരളശ്ശേരി (കണ്ണൂർ): 'റെയ്ഡ്കോ'യുടെ നവീകരിച്ച കറി പൗഡർ ഫാക്ടറി ഇന്ന് രാവിലെ 10ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സഹകരണമന്ത്രി കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, കെ.കെ. ശൈലജ, എം.പി മാരായ പി.കെ. ശ്രീമതി, കെ.കെ. രാഗേഷ്, റിച്ചാർഡ് ഹേ, എം.എൽ.എ മാരായ ഇ.പി. ജയരാജൻ, ജെയിംസ് മാത്യു, എ.എൻ. ഷംസീർ, കെ.സി. ജോസഫ്, അഡ്വ. സണ്ണി ജോസഫ്, കെ.എം. ഷാജി, ടി.വി. രാജേഷ്, സി. കൃഷ്ണൻ, എം. രാജഗോപാലൻ, സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജൻ തുടങ്ങിയവർ സംബന്ധിക്കും.

ഉദ്ഘാടനത്തിന് മുന്നോടിയായി ഇന്നലെ പെരളശ്ശേരിയിൽ നിന്ന് മൂന്നാംപാലം വരെ വർണശബളമായ വിളംബര ഘോഷയാത്ര നടന്നു. ബാൻഡ് മേളവും മുത്തുക്കുടകളും ഘോഷയാത്രയ്ക്ക് പൊലിമയേറ്റി. 'റെയ്ഡ്കോ' ചെയർമാൻ പനോളി വത്സൻ, പഞ്ചായത്ത് പ്രസിഡന്റ് എം.കെ. ചന്ദ്രൻ, ഡയറക്ടർമാരായ എൻ. ശ്രീധരൻ, സുഭദ്ര സേതുനാഥ്, മാനേജിംഗ് ഡയറക്ടർ സി.പി. മനോജ് കുമാർ, ജനറൽ മാനേജർ എൻ. കൃഷ്ണകുമാർ, കെ. പുരുഷോത്തമൻ, പി. സുരേഷ്, കെ.വി. നിധീഷ്, ടി.കെ. രാജൻ തുടങ്ങിയവർ നേതൃത്വം നൽകി.

ജോസ്കോ ജുവലേഴ്സിൽ ആനിവേഴ്സറി ആഘോഷം

തിരുവനന്തപുരം: ജോസ്കോ ജുവലേഴ്സ് പഴവങ്ങാടി ഷോറൂമിൽ ആനിവേഴ്സറി ആഘോഷങ്ങൾക്ക് നാളെ തുടക്കമാകും. പഴയ സ്വർണാഭരണങ്ങൾ വിലയിലോ തൂക്കത്തിലോ കുറവില്ലാതെ ജോസ്കോ 916 ബി.ഐ.എസ് ഹോൾമാർക്ക്ഡ് സ്വർണാഭരണങ്ങളാക്കി മാറ്റാൻ ഉപഭോക്താക്കൾക്ക് അവസരമുണ്ട്. 20,000 രൂപയ്ക്ക് മുകളിലുള്ള സ്വർണ പർച്ചേസുകൾക്ക് ഗോൾഡ് കോയിനും 50,000 രൂപയ്ക്കു മേലുള്ള പർച്ചേസുകൾക്ക് ഓണപ്പുടവയും സമ്മാനം നേടാം.

റെഡി പർച്ചേസുകൾക്ക് പണിക്കുലിയിൽ 50 ശതമാനം ഡിസ്കൗണ്ടും ഏത് ജുവലറിയിൽ നിന്നും വാങ്ങിയ സ്വർണാഭരണങ്ങൾ മാറ്റി ഡയമണ്ട് ആഭരണങ്ങൾ വാങ്ങുമ്പോൾ ഗ്രാമിന് 100 രൂപ കൂട്ടുതലായും ലഭിക്കും. ഡയമണ്ട് ആഭരണങ്ങൾക്ക് കാരറ്റിന് 10,000 രൂപ കിഴിവും അൺകട്ട് ഡയമണ്ട് ആഭരണങ്ങൾക്ക് പ്രത്യേക ഓഫറും ലഭ്യമാണ്. നൂതന വെഡിംഗ് ഡിസൈനുകൾ, ഡെയ്ലി വെയർ ആഭരണങ്ങൾ, ഫെസ്റ്റിവൽ ജുവലറി കളക്ഷനുകൾ, എക്സ്ക്ലൂസീവ് ഡയമണ്ട് കളക്ഷനുകൾ തുടങ്ങിയ ആഭരണ ശ്രേണികളും ആഘോഷത്തോട് അനുബന്ധിച്ച് അണിനിരത്തിയിട്ടുണ്ട്. ആഗസ്റ്റ് 17 വരെയാണ് പഴവങ്ങാടി ഷോറൂമിൽ ഓഫർ കാലാവധി. ഷോറും രാവിലെ ഒമ്പത് മുതൽ തുറന്ന് പ്രവർത്തിക്കും.

വിദേശത്ത് പഠിക്കാം സൗജന്യ കൗൺസലിംഗ് സെഷൻ നാളെ തിരുവനന്തപുരത്ത്

കൊച്ചി: അമേരിക്ക, ബ്രിട്ടൻ, ന്യൂസിലൻഡ്, ഓസ്ട്രേലിയ, കാനഡ, ഐയർലൻഡ് എന്നിവിടങ്ങളിലെ പ്രമുഖ യൂണിവേഴ്സിറ്റികളിൽ മികച്ച കോഴ്സുകൾ സ്കോളർഷിപ്പുകളോടെ പഠിക്കാൻ വിദ്യാർത്ഥികൾക്ക് സഹായകമായ സൗജന്യ ഇൻഫർമേറ്റീവ് പ്രസന്റേഷനും കൗൺസലിംഗ് സെഷനും നാളെ തിരുവനന്തപുരത്ത് നടക്കും. ഗ്ലോബൽ എജ്യുക്കേഷണൽ കൺസൾട്ടന്റ്സ് ആണ് ഈ രംഗത്തെ വിദഗ്ധരുടെ നേതൃത്വത്തിൽ മൂന്നു സെഷനുകളിലായി പരിപാടി സംഘടിപ്പിക്കുന്നത്. രാവിലെ 10, ഉച്ചയ്ക്ക് 12, ഉച്ചയ്ക്ക് 2 എന്നിങ്ങനെയാണ് സെഷനുകളുടെ സമയം.

സ്കോളർഷിപ്പുകൾ, കോഴ്സുകൾ, അഡ്മിഷൻ നേടാനാവശ്യമായ ഘടകങ്ങൾ, സർവകലാശാലകൾ, പാർട്ടൈം ജോലി, വീസ നടപടികൾ തുടങ്ങിയവയെക്കുറിച്ച് സെഷനുകളിലൂടെ മനസിലാക്കാം. ഫോൺ : 889 3000 700

ജോയ് ആലുക്കാസ് ഗ്രൂപ്പിന്റെ പുതിയ ബ്രാൻഡ് അംബാസഡറായ കാജോളിനൊപ്പം ജോയ് ആലുക്കാസ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺപോൾ ആലുക്കാസ്, ഡയറക്ടർ സോണിയ ആലുക്കാസ് എന്നിവർ.

കാജോൾ, ജോയ് ആലുക്കാസിന്റെ ബ്രാൻഡ് അംബാസഡർ

കൊച്ചി: പ്രമുഖ ബോളിവുഡ് താരം കാജോൾ ദേവ്ഗൺ ആഗോള റീട്ടെയിൽ ജുവലറി ശൃംഖലയായ ജോയ് ആലുക്കാസിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി. വെല്ലുവിളികൾ നിറഞ്ഞ കഥാപാത്രങ്ങളിലൂടെ, സ്വതസിദ്ധമായ അഭിനയത്തികവുകൊണ്ട് പ്രേക്ഷകരുടെ മനം കീഴടക്കിയ കാജോളിന്റെ ആകർഷീണയതയും പ്രതിഭയും ബ്രാൻഡിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കുമെന്ന് ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ജോയ് ആലുക്കാസ് പറഞ്ഞു.

ജോയ് ആലുക്കാസ് ബ്രാൻഡ് ആഭരണങ്ങളുടെ ആരാധികയാണ് താനെന്നും ഏറെ ആവേശത്തോടെയാണ് ബ്രാൻഡ് അംബാസഡർ സ്ഥാനം സ്വീകരിക്കുന്നതെന്നും കാജോൾ പറഞ്ഞു. ജോയ് ആലുക്കാസ് എന്ന വ്യക്തിയുടെ വിജയം പ്രചോദനമേകുന്നതാണെന്നും കാജോൾ പറഞ്ഞു. ഇന്ത്യ, യു.എ.ഇ., യു.കെ., അമേരിക്ക, കാനഡ, സിംഗപ്പൂർ, മലേഷ്യ, ഒമാൻ, ഖത്തർ, സൗദി അറേബ്യ, ബഹ്റിൻ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിലായി 140 ഷോറൂമുകൾ ജോയ് ആലുക്കാസിനുണ്ട്. ജോയ് ആലുക്കാസിന്റെ ബ്രാൻഡ് അംബാസഡറായി കാജോളിനെ സ്വാഗതം ചെയ്യുന്നുവെന്നും കാജോൾ വേഷമിടുന്ന ജോയ് ആലുക്കാസ് പരസ്യചിത്രങ്ങൾ തയ്യാറായി വരികയാണെന്നും ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺപോൾ ആലുക്കാസ് പറഞ്ഞു.

സൈനികർക്ക് വണ്ടർലയുടെ സ്വാതന്ത്ര്യദിന ഓഫർ

കൊച്ചി: സ്വാതന്ത്ര്യ ദിനാഘോഷത്തോട് അനുബന്ധിച്ച് സൈനികർക്ക് വണ്ടർല പ്രത്യേക ഓഫർ പ്രഖ്യാപിച്ചു. കര, നാവിക, വ്യോമ, ബി.എസ്.എഫ് ജവാന്മാർക്ക് ആഗസ്റ്റ് 20വരെ വണ്ടർലയിൽ പ്രവേശനം സൗജന്യമാണ്. വണ്ടർലയുടെ കൊച്ചി, ബംഗളൂരു, ഹൈദരാബാദ് അമ്യൂസ്മെന്റ് പാർക്കുകൾ സന്ദർശിക്കുന്ന സൈനികർക്കാണ് ഓഫർ ലഭിക്കുക. വിരമിച്ച സൈനികർക്കും ആനുകൂല്യം ലഭിക്കും. ഓഫർ ലഭിക്കാൻ സൈനികർ ഫോട്ടോ പതിച്ച സർവീസ് ഐ.ഡി കാർഡ് ഹാജരാക്കണം. ഇവർ ക്കൊപ്പം പാർക്ക് സന്ദർശിക്കുന്ന കുടുംബാംഗങ്ങളോ സുഹൃത്തുക്കളോ ആയ പരമാവധി അഞ്ചുപേർക്ക് ടിക്കറ്റ് നിരക്കിൽ പത്തുശതമാനം ഡിസ്കൗണ്ട് ലഭിക്കും. ഫോൺ : 97447 70000

₹80,000 വരെ വിലക്കിഴിവുമായി ഹ്യൂണ്ടായ് ഓണം ഓഫർ

കൊച്ചി: ഓണത്തോട് അനുബന്ധിച്ച് ഉപഭോക്താക്കൾക്കായി ഹ്യൂണ്ടായ് 10,000 രൂപ മുതൽ 80,000 രൂപവരെ വിലക്കിഴിവ് പ്രഖ്യാപിച്ചു. ഇയോണിന് 54,000 രൂപ, ഗ്രാൻഡ് ഐ10ന് 75,000 രൂപ, എക്സന്റിന് 25,000 രൂപ, വെർണ 4എസിന് 80,000 രൂപ എന്നിങ്ങനെയാണ് നിബന്ധനങ്ങൾക്ക് വിധേയമായ ഓഫർ. 100 ശതമാനം വായ്പ, 24 മണിക്കൂറിനകം ഡെലിവറി, സ്പോട്ട് ലോൺ എന്നിവയും സർക്കാർ, ബാങ്ക്, ഇൻഷ്വറൻസ് ജീവനക്കാർക്കും ജേർണലിസ്റ്റുകൾക്കും പ്രത്യേക ആനുകൂല്യങ്ങളും ഒരുക്കിയിട്ടുണ്ട്. നെക്സ്റ്റ് ജെൻ വെർണയുടെ സ്പെഷ്യൽ ബുക്കിംഗ് കൗണ്ടർ എല്ലാ ഹ്യൂണ്ടായ് ഷോറൂമുകളിലും ആരംഭിച്ചിട്ടുണ്ട്. ഓണം പ്രമാണിച്ച് എല്ലാ ഷോറൂമുകളും രാത്രി ഒമ്പതുവരെ പ്രവർത്തിക്കും.

വിസ്മയ ഫീച്ചറുകളുമായി എംഫോൺ 7എസ്

കൊച്ചി: വിപണിയിൽ ലഭ്യമായ ഏതൊരു സ്മാർട് ഫോണിനെയും വെല്ലുന്ന ഉന്നത ഫീച്ചറുകൾ, ആകർഷകമായ രൂപകല്പന, മികവുറ്റ സുരക്ഷ തുടങ്ങി ഒട്ടേറെ വിസ്മയിപ്പിക്കുന്ന മികവുകളുമായി എംഫോൺ 7എസ് വിപണിയിൽ. എട്ട് ജിബി റാം, ഡെകാകോർ പ്രൊസസർ, പിന്നിൽ 16+16 എം.പി ഡ്യുവൽ ക്യാമറ, മുന്നിൽ 13 എം.പി ക്യാമറ, 32 ജിബി മുതൽ 256 ജിബിവരെ സ്റ്റോറേജ് വേരിയന്റുകൾ തുടങ്ങിയ മികവുകളാണ് എംഫോൺ 7എസിനുള്ളത്.

ആറ് ജിബി റാം, 13+13 എം.പി ഡ്യുവൽ റിയർ ക്യാമറ, 13 എം.പി ഫ്രണ്ട് ക്യാമറ എന്നിങ്ങനെയും നാല് ജിബി റാം, 13+5 എം.പി വൈഡ് ആംഗിൾ ഡ്യുവൽ റിയർ ക്യാമറ, 13 എം.പി ഫ്രണ്ട് ക്യാമറ എന്നിങ്ങനെയും മൂന്ന ജിബി റാം, പിന്നിൽ 13+5 എം.പി വൈഡ് ആംഗിൾ ഡ്യുവൽ റിയർ ക്യാമറ, മുന്നിൽ എട്ട് എം.പി ക്യാമറ എന്നിങ്ങനെയും മികവുകളുള്ള സീരീസുകളിലും എംഫോൺ 7എസ് ലഭ്യമാണ്. ഫുള്ളിലോഡഡ് എയർക്രാഫ്റ്റ് മെറ്റൽ ബോഡിയാണുള്ളത്. 3000 എം.എ.എച്ചാണ് ബാറ്ററി. ഫാസ്റ്റ് എക്സ്പ്രസ് ചാർജിംഗ് സൗകര്യമുണ്ട്.

5.5 ഇഞ്ചാണ് ഡിസ്പ്ലേ. ഫോണിന്റെ ഭാരം 154 ഗ്രാം. സ്ക്രീൻഷോട്ട് സെലക്ഷന് സൗകര്യമുള്ള ഫ്രണ്ട് ഫിംഗർപ്രിന്റ് സെൻസറാണ് മറ്റൊരു പ്രത്യേകത. ചുവപ്പ്, കറുപ്പ്, ഗോൾഡ്, സിൽവർ, റോസ് ഗോൾഡ് എന്നീ നിറങ്ങളിൽ ഈ ഡ്യുവൽ സിം ഫോൺ ലഭിക്കും.

സ്വന്തമായി ഒ.എസ്

സ്വന്തമായി ഓപ്പറേറ്റിംഗ് സിസ്റ്റമുള്ള അഞ്ചാമത്തെ സ്മാർട്ഫോൺ കമ്പനിയാണ് എംഫോൺ. കമ്പനി വികസിപ്പിച്ച എം.യു.ഒ.എസിന് വേൾഡ് മൊബൈൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചു. എം.യു.ഒ.എസിന്റെ അഞ്ചോളം പതിപ്പുകൾ ഈവർഷവും 2020ഓടെ 26 പതിപ്പുകളും അവതരിപ്പിക്കും. എട്ട് ജിബി വേഗം, 512 ജിബി സ്റ്റോറേജ്, 26 എം.പി ക്യാമറ എന്നിങ്ങനെ വരെ ഉപയോഗിക്കാവുന്ന പതിപ്പുകളാവും ഇവ. ആൻഡ്രോയിഡിനൊപ്പം പ്രവർത്തിക്കുന്ന യൂസർ ഇന്റർഫേസും എംഫോൺ അവതരിപ്പിക്കും.

എക്സ്ചേഞ്ച് ഓഫർ

ഉപഭോക്താക്കൾക്ക് കൈവശമുള്ള പഴയഫോൺ മികച്ച വിലയിൽ എക്സ്ചേഞ്ച് ചെയ്ത് എംഫോൺ വാങ്ങാവുന്ന ഓഫർ ലഭ്യമാണ്. ഇതോടൊപ്പം എംഫോൺ 5,000 രൂപയുടെ കിഴിവും ലഭ്യമാക്കുന്നു. ഓണത്തോട് അനുബന്ധിച്ച് പുതിയ മോഡലുകളും ആകർഷകമായ ഓഫറുകളും കമ്പനി അവതരിപ്പിക്കും.

വിനിമയനിരക്ക്

കറൻസി	സെൽ	ബയിംഗ്
ഡോളർ	64.19	64.10
യൂറോ	75.52	75.43
പൗണ്ട്	83.32	83.22
സ്വിസ്ഫ്രാങ്ക്	66.73	66.62
സിംഗപ്പൂർ ഡോളർ	47.07	46.99
ആസ്ട്രേലിയ ഡോളർ	50.44	50.40
കനേഡിയൻ	50.48	50.39
ബഹ്റിൻ ദിനാർ	170.05	
കുവൈറ്റ് ദിനാർ	212.29	
ഒമാനി റിയാൽ	166.31	
സൗദി റിയാൽ	17.10	
യു. എ. ഇ. ദിർഹം	17.46	
ഖത്തർ റിയാൽ	17.61	

കമ്പോളനിലവാരം

കൊച്ചി

വെളിച്ചെണ്ണ മില്ലിംഗ്	15,000
വെളിച്ചെണ്ണ	14,400
കൊപ്ര	9640-10,150
പിണ്ണാക്ക്എക്ട്രപെല്ലർ	2250
പിണ്ണാക്ക്റോട്ടറി	2500
കുരുമുളക്	
ചേറാത്തത്	48,000
പുതിയത്	46,500
കുരുമുളക്ചേറ്റിയത്	50,000
ചക്ക്മീഡിയം	10,500
ചക്ക്ബെസ്റ്റ്	12,500
മഞ്ഞൾ	11,500
സേലം-ഈറോഡ്	8700-9400
കാഞ്ഞിരക്കുരു	1850
അടയ്ക്ക	
പുതിയത്	19,000-20,000
അടയ്ക്കപഴയത്	ഇല്ല
പഞ്ചസാര	4160
വറ്റൽമുളക്	6500-15,500
ഉഴുന്ന്	7000-8000
ചെറുപയർ	6000-6500
കടല	6,900-7,500
മുതിര	6900
എള്ള്	11,000
മല്ലി	6,500-12,000
പച്ചരി നമ്പർ-2	2600
പുഴുക്കലരി(ജയ)	3800-3900
ജാതിക്കതൊണ്ടൻ	150-180
തൊണ്ടില്ലാത്തത്	270-310
ജാതിപത്രി	400-550
ഗ്രാമ്പൂ	700
പാംഓയിൽ	5370
പൈനാപ്പിൾ	
പച്ച	16.00
പച്ച (സ്പെഷ്യൽ)	17.00
പഴം	16.00
റബർ	
ആർഎസ്എസ്4	12,900
ആർഎസ്എസ്-5	12,000-12,600
ഒട്ടുപാൽ	8300
ലാറ്റക്സ്	8000
ആലപ്പുഴ	
ആലപ്പുഴമാർക്കറ്റ്	
വെളിച്ചെണ്ണ	14600
പിണ്ണാക്ക്	2400
കൊപ്ര	9600
,,	9650
,,	9700

കോട്ടയം

കമ്പോളനിലവാരം

വ്യാപാരവില

ആർ.എസ്.എസ്4	128.00
ആർ.എസ്.എസ്5	123.00
തരംതിരിക്കാത്തത്	113.50, 114.00
ഒട്ടുപാൽ	78.00
റബർ ബോർഡ്	
ആർ.എസ്.എസ്4	13100
ആർ.എസ്.എസ്5	12600
തരംതിരിക്കാത്തത്	ലഭ്യമല്ല
ഒട്ടുപാൽ	ലഭ്യമല്ല
ബാങ്കോക്ക്	
ആർ.എസ്.എസ്1	11894
ആർ.എസ്.എസ്2	11779
ആർ.എസ്.എസ്3	11673
ആർ.എസ്.എസ്4	11616
ആർ.എസ്.എസ്5	11529
കോലാലമ്പൂർ	
(ബ്രായ്ക്കറ്റിൽ ഡോളർ വില)	
എസ്. എം. ആർ 20	9723 (152.05)
60% ലാറ്റക്സ്	8497 (132.90)
വെളിച്ചെണ്ണ	15500
കൊപ്ര	10100
ശർക്കര (മറയൂർ)	7000
ശർക്കര (പാണ്ടി)	5600
തൃശ്ശൂർ	
മാർക്കറ്റ്	
വെളിച്ചെണ്ണ	14200
കൊപ്ര	9480
തേങ്ങപിണ്ണാക്ക്	2200
എള്ളിൻപിണ്ണാക്ക്	3000
നല്ലെണ്ണ	2100
കടലെണ്ണ	2250
അടയ്ക്കകൊക്കാലെ	
പുതിയത്	3800-4200
പഴയത്	3800-4200
രണ്ടാംതരം	1000-2000
അമല	
പുതിയത്	4000-4540
പഴയത്	4000-4460
രണ്ടാംതരം	2500-3000
അടയ്ക്കപഞ്ഞി	
പുതിയത്.....3800-4343	
പഴയത്.....3800-4300	
രണ്ടാംതരം.....2500-3500	

നെടുമങ്ങാട്

കമ്പോളനിലവാരം

കുരുമുളക്	420 (കിലോ)
കൊട്ടയ്ക്ക്	160 (,,)
റബ്ബർ	112 (,,)
ഒട്ടുപാൽ	73 (,,)
ജാതിക്ക	140 (,,)
ജാതി പരിപ്പ്	250,,)
ജാതി പത്രി	400 (,,)
കാപ്പി പരിപ്പ്	100 (,,)
ഗ്രാമ്പൂ	500 (,,)
കൊക്കോ	8 (,,)
തേങ്ങ	31 (,,)
തങ്കം	
തിരുവനന്തപുരം	27700
ആലപ്പുഴ	27700
സ്വർണം	
കൊച്ചി(8ഗ്രാം)	21,760
ഒരുഗ്രാം	2720
വെള്ളി	
തിരുവനന്തപുരം	43000
കൊച്ചി	43000

ശാസ്ത്രകൗമുദി

ഭൂമിയെ രക്ഷിക്കാനായി പ്രത്യേക ജോലി നൽകാൻ നാസ : ശമ്പളം കോടികൾ

ലണ്ടൻ: ഏത് നിമിഷവും അന്യഗ്രഹ ജീവികൾ ഭൂമിയെ ആക്രമിക്കാം എന്നാണ് വിഖ്യാത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിൻസിന്റെ അഭിപ്രായം. അത്തരം ഒരുഭയം ബഹിരാകാശ ഏജൻസിയായ നാസയ്ക്കും ഉണ്ട് എന്ന് കരുതേണ്ടി വരും. അന്യഗ്രഹ വസ്തുക്കളിൽ നിന്ന് ഭൂമിയെ സംരക്ഷിക്കാൻ ആളെ ജോലിക്കെടുക്കാൻ പോവുകയാണ് നാസ എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ. ഇതിനായി ഓഫർ ചെയ്യുന്നത് വൻ ശമ്പളമാണ്. ഭൂമിയെ അന്യഗ്രഹമാലിന്യങ്ങളിൽ നിന്ന് രക്ഷിക്കുക എന്നതിലുപരി മറ്റ് ഗ്രഹങ്ങളും അവയുടെ ഉപഗ്രഹങ്ങളും മനുഷ്യർ വൃത്തികേടാക്കുന്നത് തടയുകയും വേണം. പ്ലാനെറ്ററി പ്രൊട്ടക്ഷൻ ഓഫീസർമാർ ഭൂമിയെ മാത്രം സംരക്ഷിച്ചാൽ പോര. മറിച്ച് മറ്റ് ഗ്രഹങ്ങളിൽ മനുഷ്യർ നടത്തുന്ന ഇടപെടലുകളും നിയന്ത്രിക്കണം എന്ന് സാരം.

കൗമുദി ടിവി

6.00 രാമായണം	11.35 ഫോർ ദി പീപ്പിൾ
6.26 am, pm ദൈവദശകം	12.35 ഫിലിം ബോക്സ്
7.30 പ്രണവം	1.35 പുതിയ പാട്ട്
8.00 സ്വയംവരം	2.35 ഹരിതം സുന്ദരം
8.30 ന്യൂസ്ട്രാക്ക്	3.35 താരഷക്കിട്ട്
9.00 ഡേവിത്ത് എ സ്റ്റാർ	5.00 സിക്രട്ട് ഫയൽസ്
10.30 സ്നേക്ക് മാസ്റ്റർ	6.35 സ്ട്രൈറ്റ് ലൈൻ
11.00 ഹാസ്യരസം	7.35 ഓമൈഗോഡ്

ഡിഡി മലയാളം
7.00 കൃഷിദർശൻ
8.00 മേഘരാഗം

ഡിഡി കേരളം
11.30 കൃഷിദർശൻ
2.00 മാജിക്കൽ ഫിങ്കേഴ്സ്
8.30 ചാറ്റ്ഷോ
10.30 ചായക്കൂട്ട്
11.00 ഗാനശ്യാമസന്ധ്യ

ഏഷ്യാനെറ്റ്
6.00 വേഴാമ്പൽ
6.30 നീർമാതളം
7.00 വാനമ്പാടി
8.00 പരസ്പരം

ന്യൂസ്
8.00 വാർത്താ പ്രഭാതം
8.30 ചൂടുവട്ടം
9.30 അകലങ്ങളിലെ ഇന്ത്യ
2.30 ഡോ. ലൈവ്

ഏഷ്യാനെറ്റ് പ്ലസ്
9.00 ഫൈവ്സ്റ്റാർ തട്ടുകട
9.30 ചിരിക്കും തളിക
10.00 മൗനം സമ്മതം

HBO
09:12 The Transporter Refueled
10:51 Iron Man
01:00 The Accountant
03:22 Shaolin Soccer
05:05 The Hangover Part III
06:52 Mission: Impossible - Rogue Nation
09:00 The Accountant

STAR MOVIES
08:36 Fantastic Four: Rise of the Silver Surfer
10:29 The Day the Earth Stood Still
12:37 Avatar
03:56 Independence Day
07:02 Ice Age: Collision Course
09:00 Zootopia
11:11 The Hills Have Eyes

സിനിമ

ഏഷ്യാനെറ്റ് മൂവീസ്: 7.00 ചക്കിക്കൊത്ത ചങ്കരൻ 10.00 വെള്ളാനകളുടെ നാട് 1.00 കൊട്ടാരംവീട്ടിലെ അപ്പൂട്ടൻ 4.00 ദി കിംഗ് ആൻഡ് ദി കമ്മിഷണർ 8.00 ഓം ശാന്തി ഓശാന 1.00 മാളൂട്ടി
ഏഷ്യാനെറ്റ് പ്ലസ്: 12.00 ഏയ് ഓട്ടോ
ഏഷ്യാനെറ്റ്HD : 9.00 ജമ്നാപ്യാരി 3.30 ക്രിസ്റ്റ്യൻ ബ്രദേഴ്സ്
ഏഷ്യാനെറ്റ്: 9.00 ജമ്നാപ്യാരി 3.30 ക്രിസ്റ്റ്യൻ ബ്രദേഴ്സ്
കൈരളി: 9.00 7-ാം അറിവ് 1.15 തെങ്കാശിപട്ടണം 4.30 നൻപൻ
വി: 1.00 അൻജാൻ 11.30 ഈ പറക്കും തളിക
എസിവി: 10.30 ചെറിയ കള്ളനും വലിയ പൊലീസും 2.00 ചകോരം 9.30 കുഞ്ഞിക്കൂനൻ
ജുക്ക്ബോക്സ്: 6.30 ക്രോണിക് ബാച്ചിലർ

ANIMAL PLANET
08:00 Wildest Africa
09:00 Animal Strategies
10:00 Lions on the Move
11:00 Animal Planet Select
12:00 Extreme Survivors
01:00 Animal Strategies
02:00 Extreme Survivors
03:00 Super Senses
03:30 Super Senses
04:00 Extreme Survivors
05:00 Attack & Defend
05:30 Attack & Defend
07:00 Gangland Killers
08:00 Extreme Survivors
09:00 Lion Country
Night and Day
10:00 Jaws and Claws

SONY PIX
06:00 Movie
06:54 After Earth
09:00 Pearl Harbor
01:02 Gladiator
04:25 The Patriot
08:05 Rambo: First Blood Part II
10:17 Waterworld

നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2017 ആഗസ്റ്റ് 13 ഞായർ)

മേടം : *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)*

സാമ്പത്തിക നേട്ടം, പ്രവർത്തന വിജയം, സുഹൃത് സഹായം.

ഇടവം: *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)*

ആഘോഷങ്ങളിൽ പങ്കെടുക്കും. പ്രാർത്ഥനകൾ ഫലിക്കും. മനോധൈര്യം വർദ്ധിക്കും.

മിഥുനം: *(മകയിരം രണ്ടാംപകുതി ഭാഗം, തിരുവാതിര, പുണർതം ആദ്യംമുക്കാൽ ഭാഗം)*

യാത്രകൾ അനുകൂലമാകും, സാഹചര്യങ്ങളെ നേരിടും. സാമ്പത്തിക പരോഗതി.

കർക്കടകം : *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)*

മാതൃകാപരമായി പ്രവർത്തിക്കും. വ്യാപാര മേഖലയിൽ വിജയം, വിലപ്പെട്ട നിർദ്ദേശം സ്വീകരിക്കും.

ചിങ്ങം: *(മകം, പൂരം, ഉത്രംകാൽഭാഗം)*

കുടുംബകാര്യങ്ങളിൽ പരോഗതി, സുഹൃത്ത് സഹായം, അർഹമായ അംഗീകാരം.

കന്നി : *(ഉത്രം അവസാന മുക്കാൽഭാഗം, അത്തം, ചിത്തിര ആദ്യ പകുതി ഭാഗം)*

ജാഗ്രതയോടെ പ്രവർത്തിക്കും, ക്രമാനുഗതമായ വളർച്ച, സാമ്പത്തിക ഭദ്രത.

തുലാം: *(ചിത്തിര രണ്ടാംപകുതി, ചോതി, വിശാഖം ആദ്യപകുതി)*

മനഃസന്തോഷം ലഭിക്കും, ആരോഗ്യം ശ്രദ്ധിക്കണം. ജീവിത വിജയം.

വൃശ്ചികം : *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)*

കലാരംഗത്ത് നേട്ടം, സമചിത്തതയോടെ പ്രവർത്തിക്കും. ഭാവനകൾ യാഥാർത്ഥ്യമാകും.

ധനു: *(മൂലം, പൂരാടം, ഉത്രാടം 15 നാഴിക)*

മഹത് വ്യക്തികളെ പരിചയപ്പെടും, സാഹസപ്രവൃത്തികൾ അരുത്, ഗ്രഹാന്തരീക്ഷം മെച്ചപ്പെടും.

മകരം: *(ഉത്രാടം അവസാന മുക്കാൽ ഭാഗം, തിരുവോണം, അവിട്ടം- ആദ്യ പകുതി).*

ധനലാഭം, നവീന ആശയങ്ങൾ നടപ്പാക്കും. നിസ്വാർത്ഥപ്രവർത്തനം.

കുംഭം: *(അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)*

സംസാരത്തിൽ സൂക്ഷിക്കണം, ആരോഗ്യത്തിൽ ശ്രദ്ധിക്കണം. മത്സരങ്ങളിൽ വിജയം.

മീനം: *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉത്രട്ടാതി, രേവതി).*

തൊഴിലിൽ പരോഗതി, ജീവിത വിജയം, സഹായ മനഃസ്ഥിതി വർദ്ധിക്കും.

- ഗോപകുമാർ ശർമ്മ